◆ കവർസ്റ്റോറി

മുഹമ്മദ് പാലത്ത്



# ഈ ബജറ്റ് ആർക്കുവേണ്ടി?

**രാജ്യത്തെ വ്യവസായികൾക്കോ കർഷകർക്കോ തൊഴിലില്ലാത്തവർക്കോ സാധാരണക്കാർക്കോ ഒരു പ്രതീക്ഷയും നൽകാത്ത ബജറ്റാണ് ധനമന്ത്രി പി. ചിദംബരം പാർലമെന്റിൽ അവതരിപ്പിച്ചത്. ഈ വിഭാഗങ്ങളെല്ലാം അവരുടെ അസംതൃപ്തി പ്രകടിപ്പിച്ചുകഴിഞ്ഞു. രാജ്യം നേരിടുന്ന ഒരു പ്രശ്നത്തിനും പരിഹാരം നിർദേശിക്കാത്ത ബജറ്റ് പിന്നെ ആർക്കുവേണ്ടി എന്ന ചോദ്യം പ്രസക്തമാണ്.**

അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള രാജ്യത്തിന്റെ പ്രതീക്ഷിത വരവു ചെലവുകളുടെ ആകത്തുകയാണ് ബജറ്റ്. രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ, പ്രധാന വരുമാന മാർഗങ്ങൾ, പുതിയ പദ്ധതികൾ, ജനക്ഷേമ പ്രവർത്തന പരിപാടികൾ തുടങ്ങിയവക്കുള്ള നിർദേശങ്ങളും പ്രതീക്ഷിത സംഖ്യയും ബജറ്റ് ഉൾക്കൊള്ളുന്നു. വികസനത്തിന് രൂപരേഖ തയാറാക്കുന്നതും ബജറ്റ് ആണ്. ഇന്ത്യൻ ഭരണഘടനയുടെ 112-ാം അധ്യായത്തിൽ സർക്കാർ ഓരോ വർഷവും ബജറ്റ് അവതരിപ്പിച്ച് പാർലമെന്റിന്റെ അംഗീകാരം നേടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പാർലമെന്റ് അംഗീകരിക്കുമ്പോഴാണ് ബജറ്റു നിർദേശങ്ങൾ നടപ്പിലാവുക. ബജറ്റിലൂടെ ലക്ഷ്യം വെക്കുന്നത് രാഷ്ട്രത്തിന്റെ കാര്യക്ഷമമായ ധനകാര്യ കൈകാര്യമാണ്.

എന്നാൽ, അടുത്ത കാലത്തായി പാർലമെന്റിൽ അവതരിപ്പിക്കപ്പെടുന്ന ബജറ്റുകൾ ആരുടെ നിർദേശപ്രകാരമാണ് തയാറാക്കുന്നതെന്നും ആർക്കുവേണ്ടിയാണ് അവതരിപ്പിക്കപ്പെടുന്നതെന്നും ആശങ്ക ഉയർന്നിരിക്കുന്നു. 1991-ൽ രാജ്യം ലോകബാങ്കിൽനിന്ന് വായ്പ സ്വീകരിച്ചു തുടങ്ങിയതു മുതൽ നടപ്പിലാക്കിവരുന്ന ഉദാരവത്കരണ സാമ്പത്തികനയങ്ങൾ അവർ നിർദേശിച്ച ഘടനാപരമായ പരിഷ്കരണത്തിന്റെ ഭാഗമാണ്. രാഷ്ട്രത്തിന്റെ വികസനത്തിനും പുരോഗതിക്കും അടിത്തറ പാകേണ്ട ബജറ്റുകൾ തയാറാക്കുന്നതിൽ പോലും ലോകബാങ്കിന്റെ ഉദ്യോഗസ്ഥരുടെ കൈയുണ്ടെന്ന് നേരത്തേതന്നെ ആരോപിക്കപ്പെട്ടിരുന്നു. 1991-നു ശേഷം സർക്കാറുകൾ മാറിവന്നപ്പോഴും സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റമുണ്ടായില്ല. പുതിയ ബജറ്റും അതിന്റെ പ്രധാന സാമ്പത്തിക നിർദേശങ്ങളും ഇതിന് അടിവരയിടുന്നു.

സേവനരംഗത്തുനിന്നും മൂലധന നിക്ഷേപ രംഗത്തുനിന്നുമുള്ള സർക്കാറിന്റെ പിന്മാറ്റം ലോകബാങ്കിന്റെ നിർദേശപ്രകാരമാണ്. നമ്മുടെ ബജറ്റിൽ ഈ മേഖലകളിലുള്ള ചെലവുകൾ പരമാവധി കുറച്ച് ധനകമ്മിയും റവന്യൂ കമ്മിയും യഥാക്രമം 3.3 ശതമാനവും 1.5 ശതമാനവുമായി നിജപ്പെടുത്തിയിരിക്കുന്നു. ധനകമ്മി കുറക്കേണ്ടത് ആവശ്യംതന്നെ. എന്നാൽ സാധാരണക്കാർക്ക് പ്രയോജനം ലഭിക്കുന്ന സേവന മേഖലയിലെ ചെലവുകൾ വെട്ടിക്കുറച്ചും സർക്കാറിന് മാർക്കറ്റിൽ ഇടപെടാൻ അവസരം നൽകുന്ന മൂലധനനിക്ഷേപ മേഖലയിൽനിന്ന് പിന്മാറിയുമാണോ ഇത് ക്രമീകരിക്കേണ്ടത് എന്നതാണ് പ്രശ്നം. നാം തെരഞ്ഞെടുത്തയച്ച സർക്കാർ നോക്കുകുത്തിയായി മാറുകയും ധനകാര്യ വിഭാഗം ലോകബാങ്ക് ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഏജൻസിയായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. ഈ വീക്ഷണകോണിൽനിന്നു വേണം കേന്ദ്ര ബജറ്റിനെ അവലോകനം ചെയ്യാൻ.

ആദ്യം പറഞ്ഞതുപോലെയാണെങ്കിൽ ബജറ്റ് രാജ്യത്തിന്റെ പ്രതീക്ഷയും ഏറെ ആശ്വാസവും പകരേണ്ടതാണ്. എന്നാൽ അടുത്തകാലത്തായി ബജറ്റുകൾ കൂടുതൽ ആളുകൾക്കും, പ്രത്യേകിച്ച് സാധാരണക്കാർക്ക്, ഏറെ ആശങ്കകളും പ്രശ്നങ്ങളും സൃഷ്ടിക്കുക മാത്രമാണ് ചെയ്യുന്നത്. രാജ്യത്തെ ജനകോടികളുടെ താൽപര്യങ്ങളല്ല, രാജ്യത്തിന് കോടികൾ കടമായി നൽകിയ ഐ.എം.എഫിന്റെയും ഏതാനും സമ്പന്നരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനാണ് ബജറ്റ് ശ്രമിക്കുന്നത്. അതിനാൽതന്നെ ഉൽപാദനക്കുറവും കടക്കെണിയും മൂലം ആത്മഹത്യയിലേക്ക് നടന്നടുക്കുന്ന കർഷകന്നും തൊഴിലില്ലായ്മയാൽ നരകിക്കുന്ന ഗ്രാമീണന്നും വിലക്കയറ്റത്താൽ ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന

സാധാരണക്കാരന്നും ബജറ്റ് ഒരാശ്വാസവും പകരുന്നില്ല. ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ അൽപം കുറവുവരുത്തി മുപ്പത് കോടിയോളം വരുന്ന ദരിദ്രർക്ക് ആശ്വാസം പകരുന്നതിന് വഴികാണാതിരുന്ന ധനമന്ത്രി പട്ടിത്തീറ്റകൾക്ക് വില കുറച്ച് നവലിബറൽ സാമ്പത്തികക്രമത്തിൽ ദരിദ്രരേക്കാൾ എന്തുകൊണ്ടും പരിഗണനാർഹർ പട്ടികളാണെന്ന് ധ്വനിപ്പിച്ചിട്ടുണ്ട്.

പണപ്പെരുപ്പം മുകളിലോട്ടുതന്നെ കുതിക്കുകയും അതിനനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുകയും ചെയ്യുമ്പോൾ ബജറ്റ് തങ്ങൾക്ക് അൽപം ആശ്വാസം നൽകുമെന്ന് സാധാരണക്കാർ പ്രതീക്ഷിക്കുക സ്വാഭാവികമാണ്. എന്നാൽ ഈ ദിശയിൽ ക്രിയാത്മകമായ ഒരു നീക്കവും സർക്കാർ നടത്തുന്നില്ല. വിലക്കയറ്റം തടയാൻ സർക്കാറിന് മാർക്കറ്റിൽ ഇടപെടാൻ കഴിയണം. രാജ്യത്തെ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ വഴി സംഭരിക്കുന്നതും പൊതുവിതരണ സംവിധാനങ്ങൾ ശക്തമാക്കുന്നതും ഭക്ഷ്യധാന്യ വില നിയന്ത്രിക്കാൻ ഏറെ സഹായകമായിരുന്നു. എന്നാൽ ഏതാനും വർഷങ്ങളായി സർക്കാർ ഈ മേഖലയിൽനിന്ന് പിന്മാറിക്കൊണ്ടിരിക്കുകയാണ്. നാമമാത്ര സംഭരണമാണ് കഴിഞ്ഞ വർഷം എഫ്.സി.ഐ വഴി നടത്തിയത്. ഭക്ഷ്യോൽപാദനം അൽപം കുറഞ്ഞു എന്നത് ശരിയാണ്. ഈ രംഗം ബഹുരാഷ്ട്ര കുത്തകകളും വൻകമ്പനികളും കൈയടക്കിയതാണ്, അഥവാ ഭക്ഷ്യധാന്യങ്ങൾ വൻകമ്പനികൾ വാങ്ങിക്കൂട്ടിയതാണ് ഭക്ഷ്യക്ഷാമം ഇരട്ടിയായി വർധിക്കാനും വില ഉയരാനും ഇടയാക്കിയതത്രെ. കുത്തക കമ്പനികൾക്ക് സബ്സിഡി നൽകി ടൺ കണക്കിന് ഗോതമ്പ് ഇറക്കുമതി ചെയ്തിട്ടും വില നിയന്ത്രിക്കാനായിട്ടില്ല. ഈ രംഗത്ത് ഫലപ്രദമായ ഒരിടപെടലും ബജറ്റിലില്ല.

ബജറ്റ് കാർഷികമേഖലക്ക് ഊന്നൽ നൽകുന്നു എന്നു വരുത്തിത്തീർക്കാനാണ് ധനമന്ത്രി കാര്യമായി ശ്രമിച്ചത്. കാർഷികമേഖലക്ക് പ്രഖ്യാപിച്ച 2.25 ലക്ഷം കോടി രൂപയുടെ വായ്പ കഴിഞ്ഞ വർഷത്തേക്കാൾ 25 ശതമാനം അധികമാണ് എന്നതു ശരി. കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഉൽപാദനക്കുറവും വിലത്തകർച്ചയും നേരിടാൻ ഇത് ഉപകരിക്കുമോ എന്ന് കാത്തിരുന്നു കാണാം. കഴിഞ്ഞ വർഷങ്ങളിൽ കാർഷിക വായ്പ വർധിപ്പിച്ചപ്പോഴും ഉൽപാദനത്തിൽ കുറവാണുണ്ടായത് എന്ന കാര്യം വിസ്മരിക്കാനാവില്ല. കടക്കെണിയിലായ കർഷകരെ കരകയറ്റേണ്ടത് കടം നൽകിയാണോ അതോ കടാശ്വാസം പ്രഖ്യാപിച്ചാണോ എന്നത് മറ്റൊരു പ്രശ്നം. കാർഷികരംഗത്ത് നൽകുന്ന വായ്പയുടെ ഏറിയ പങ്കും കൈയടക്കാറുള്ളത് ഈ രംഗത്ത് ആധിപത്യം പുലർത്തുന്ന വൻതോക്കുകളാണ് എന്നതാണ് വസ്തുത. ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം ഈ മേഖലയിൽ വർധിപ്പിക്കുമ്പോൾ വായ്പയും അതുവഴി പോവാനാണ് സാധ്യത. ചുരുക്കത്തിൽ കാർഷികരംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ വായ്പകൾ ഉപകരിക്കില്ല.

## പണപ്പെരുപ്പം എന്തുകൊണ്ട്?

സമ്പദ്‌വ്യവസ്ഥയിൽ ജനങ്ങളുടെ കൈയിലുള്ള പണത്തിന്റെ വർധനവിനനുസരിച്ച് ഉൽപാദനവും വർധിക്കേണ്ടതുണ്ട്. ഉൽപാദനത്തിൽ വർധനയില്ലാതെ ജനങ്ങളുടെ ക്രയശേഷി (സാധനങ്ങൾ വാങ്ങാനുള്ള കഴിവ്) വർധിക്കുന്നത് ചോദനം (demand) പ്രദാന(supply)ത്തേക്കാൾ വർധിക്കാൻ ഇടയാക്കുകയും വിലവർധനവിലേക്ക് നയിക്കുകയും ചെയ്യും. ഉൽപാദനത്തിൽ വർധനവില്ലാതെ ജനങ്ങൾക്ക് കൂടുതൽ വരുമാനം ലഭിച്ചാൽ പണപ്പെരുപ്പമുണ്ടാവുകയും വില വർധനയുണ്ടാവുകയും ചെയ്യുന്നു. ഇത് നിയന്ത്രിക്കാൻ സർക്കാറിന് പല നടപടികളും സ്വീകരിക്കാം. അവശ്യ സാധനങ്ങളുടെ ഇറക്കുമതി, പൂഴ്ത്തിവെപ്പ് തടയൽ, വായ്പയുടെ അളവ് നിയന്ത്രിച്ച് ജനങ്ങളുടെ ക്രയശേഷി ക്രമപ്പെടുത്തൽ, ജനങ്ങളിൽനിന്ന് സർക്കാർ വായ്പ സ്വീകരിക്കൽ എന്നിവ അതിൽ പ്രധാനമാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പ് ബാങ്കുകളുടെ കരുതൽ ധനശേഖരം (cash reserve ratio) പോയന്റ് അഞ്ച് ശതമാനം വർധിപ്പിച്ച് വായ്പ നിയന്ത്രിക്കാനും ഗോതമ്പ് ഇറക്കുമതി ചെയ്ത് സപ്ലൈ വർധിപ്പിക്കാനും സർക്കാർ ശ്രമിക്കുകയുണ്ടായി. എന്നാൽ ഇത് കമ്പോളത്തിൽ കാര്യമായ മാറ്റമുണ്ടാക്കിയതായി കാണുന്നില്ല. പണപ്പെരുപ്പം ഇപ്പോഴും ഉയർന്നുനിൽക്കുകയാണ്. ബജറ്റ് ഈ ദിശയിൽ സുപ്രധാന നീക്കങ്ങൾ നടത്തിയിട്ടില്ല. ഭക്ഷ്യധാന്യങ്ങളുടെ അവധിവ്യാപാരം തടഞ്ഞത് അൽപം ആശ്വാസം നൽകുന്നു.

ബജറ്റ് വിഹിതം ഉൽപാദന മേഖലയിലേക്ക് കൂടുതൽ തിരിച്ചുവിടുമ്പോഴാണ് രാജ്യത്ത് സാമ്പത്തിക വളർച്ച വേഗത്തിലാവുന്നതും തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നതും. എന്നാൽ ബജറ്റ് ചെലവിന്റെ ഏറിയ പങ്കും സർക്കാർ ചെലവുകൾക്കും പ്രതിരോധം, പലിശയടവ് എന്നിവക്കുമായി നീക്കിവെക്കപ്പെടുന്നതാണ് അടുത്ത കാലത്തായി നാം കാണുന്നത്. പ്രതിരോധത്തിനായി വകയിരുത്തിയത് 96000 കോടി രൂപയാണ്; മൊത്ത ചെലവിന്റെ 12 ശതമാനം. രാജ്യസുരക്ഷ സുപ്രധാനമാണ് എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ 2003–'04–ലെ ബജറ്റിൽ 60,000 കോടിയായിരുന്ന പ്രതിരോധ വിഹിതം നാലു വർഷത്തിനിടെ 50 ശതമാനം വർധിപ്പിച്ചത് എന്തിന്റെ പേരിലാണ് എന്ന ചോദ്യം പ്രസക്തമാണ്. ഇതിൽ പകുതിയും ആയുധങ്ങൾ വാങ്ങാനാണ് വിനിയോഗിക്കുന്നത്. രാജ്യത്തെ ജനങ്ങൾ വിലക്കയറ്റം മൂലം പട്ടിണിയുടെ ഭീഷണിയിൽ കഴിയുമ്പോൾ തോക്കും വെടിയുണ്ടകളുമാണ് അവർക്കാശ്വാസം പകരാൻ സർക്കാർ വാങ്ങാൻ പോകുന്നത്.

രാഷ്ട്രത്തിന്റെ മൊത്തം ചെലവിന്റെ 20 ശതമാനം പലിശ അടക്കുന്നതിനാണ്. ഈ പലിശ നൽകാൻ ഏതാണ്ട് അത്രത്തോളം സംഖ്യ കടമായി വാങ്ങുന്നുമുണ്ട്, മൊത്തം വരവിന്റെ 19 ശതമാനവും കടമാണ്. കഴിഞ്ഞ വർഷം പലിശ 21 ശതമാനവും കടം 22 ശതമാനവുമായിരുന്നു. അൽപം കുറവുണ്ടായി എന്നത് നേര്. കടം വാങ്ങി പലിശയടച്ച് എത്ര കാലം സാമ്പത്തികഭദ്രത നിലനിർത്താനാവും എന്ന് ചിന്തിക്കുക. രാഷ്ട്രത്തിന്റെ വികസനം ലക്ഷ്യം വെക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവെച്ചത് മൊത്തം ചെലവിന്റെ 20 ശതമാനം മാത്രമാണ്.

ബജറ്റിൽ വിദ്യാഭ്യാസ -ആരോഗ്യ മേഖലകൾക്ക് വിഹിതം വർധിപ്പിച്ചത് ആശ്വാസകരമാണ്. മൊത്തം ചെലവിന്റെ 6 ശതമാനം വിദ്യാഭ്യാസത്തിന് നീക്കിവെക്കണമെന്ന് വിദഗ്ധ നിർദേശമുണ്ടായിരുന്നിട്ടും ഇതുവരെ മൂന്നു ശതമാനം മാത്രമാണ് ചെലവഴിക്കപ്പെടുന്നത്. ഇതിൽ അൽപം വർധന വരുത്തിയത് സ്വാഗതാർഹമാണ്.

ഓഹരി വിറ്റഴിക്കുന്നതിലൂടെ സർക്കാറിന് ലഭിക്കുന്ന വരുമാനം കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചതിനേക്കാൾ കൂടുതൽ പ്രതീക്ഷിക്കുന്നു എന്നതാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വശം. 41651 കോടിയാണ് സർക്കാർ സ്ഥാപനങ്ങളുടെ ഓഹരിവിൽപനയിൽനിന്ന് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ വകയിൽ ലഭിച്ച വരുമാനം 529 കോടി രൂപ മാത്രമാണ് എന്നിരിക്കെ അടുത്ത വർഷം ഏതെല്ലാം സ്ഥാപനങ്ങളാണ് വിൽപനക്ക് വെക്കുകയെന്ന് കാത്തിരുന്നു കാണാം.

ആഗോളീകരണത്തിന്റെ ഭാഗമായി മറ്റു രാഷ്ട്രങ്ങളിൽനിന്നുള്ള ഇറക്കുമതി വർധന ലക്ഷ്യം വെച്ച് ഇറക്കുമതിച്ചുങ്കം 12.5-ൽനിന്ന് 10 ശതമാനമായി കുറച്ചത് ആഭ്യന്തര വ്യവസായങ്ങൾ തകരാനും തൊഴിലില്ലായ്മ വർധിക്കാനും കാരണമാകും. ഒരു രാഷ്ട്രം ഏറ്റവും കൂടുതൽ ഊന്നൽ നൽകേണ്ടത് വ്യാവസായിക വളർച്ചക്കും തൊഴിൽ സൃഷ്ടിപ്പിനുമാണ്. എന്നാൽ അതിനുള്ള നിർദേശങ്ങൾ ഇല്ലെന്നു മാത്രമല്ല വ്യവസായങ്ങളുടെ തകർച്ചക്കാണ് ഇത്തരം നടപടികൾ വഴിവെക്കുക.

ബജറ്റിലുടനീളം സാമ്പത്തിക വളർച്ചയെപ്പറ്റി പെരുമ്പറയടിക്കുമ്പോഴും അതിന്റെ ഗുണഫലം രാഷ്ട്രത്തിന്റെ റവന്യൂ വരുമാനത്തിലോ ജനങ്ങളുടെ ജീവിത നിലവാരത്തിലോ കാണാനില്ല. വളർച്ചാനിരക്ക് 9.2-ലേക്ക് കുതിച്ചുയർന്നപ്പോഴും കാർഷികമേഖലയിലും ചെറുകിട വ്യവസായമേഖലയിലും ഉൽപാദനം പിറകോട്ടായിരുന്നു. പിന്നെ എവിടുന്ന് ലഭിച്ചു ഈ വളർച്ചാനിരക്ക്? ഊഹക്കച്ചവടമടക്കമുള്ള ഫൈനാൻസ് മേഖലയും കോർപറേറ്റ് മേഖലയുമാണ് ഏറെ വളർച്ചാനിരക്ക് കാഴ്ചവെച്ചത്. അതിനാൽതന്നെ വളർച്ചയുടെ ഗുണഫലം ലഭിക്കുക അതുമായി ബന്ധപ്പെടുന്ന ചെറുവിഭാഗത്തിന് മാത്രമാവും. ഉയർന്ന വളർച്ചാ നിരക്ക് രാഷ്ട്രത്തിന് വരുമാനമാക്കി മാറ്റാൻ ധനമന്ത്രി ശ്രമിച്ചു കണ്ടില്ല. കഴിഞ്ഞ വർഷത്തേക്കാൾ 17 ശതമാനം വർധനയാണ് നികുതിവരുമാനത്തിൽ സർക്കാർ പ്രതീക്ഷിക്കുന്നത്. പണപ്പെരുപ്പം ഏഴു ശതമാനത്തോടടുത്തു നിൽക്കുമ്പോൾ ഈ വരുമാനവർധന അപര്യാപ്തമാണ്. കഴിഞ്ഞ വർഷം നികുതിവരുമാനത്തിൽ 27 ശതമാനം വളർച്ച കൈവരിച്ചിരുന്നു. കോർപറേറ്റ് വിഭാഗം കൂടുതൽ വളർച്ച കൈവരിച്ചിട്ടും പുതിയ നികുതി ചുമത്തിയിട്ടില്ല എന്നർഥം.

സർക്കാറിന്റെ ദൈനംദിന ചെലവിൽ വരുന്ന വർധനവാണ് എടുത്തു പറയേണ്ട മറ്റൊരു കാര്യം. പദ്ധതിയേതര ചെലവിൽ 65000 കോടി രൂപ കഴിഞ്ഞ വർഷത്തേക്കാൾ വർധനവ് കാണിക്കുന്ന ബജറ്റിൽ ഒരു ലക്ഷം കോടി രൂപ വകയിരുത്തുന്നത് സർക്കാർ ചെലവിനാണ്. സർക്കാർ ചെലവിൽ വന്ന വൻ വർധനവിനെയാണ് ഇത് കാണിക്കുന്നത്.

നികുതി നിരക്ക് പരമാവധി കുറച്ച് കൂടുതലാളുകളെ നികുതി വലയത്തിൽ കൊണ്ടുവന്ന് നികുതി വരുമാനം വർധിപ്പിക്കാനാണ് കാര്യഗ്രഹണ ശേഷിയുള്ള ഒരു ധനമന്ത്രി ശ്രമിക്കേണ്ടത്. ആദായ നികുതി നിരക്കിൽ അൽപം ഇളവ് സാധാരണ നികുതിദായകർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ പരിധി അൽപം ഉയർത്തിയതല്ലാതെ നിരക്കിൽ ഇളവുണ്ടായില്ല. അതിനാൽതന്നെ അത് നികുതി വരുമാനത്തെ എങ്ങനെ ബാധിക്കും എന്ന് പറയാനാവില്ല.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുസ്‌ലിംകളടക്കമുള്ള പിന്നാക്ക സമുദായങ്ങളുടെ വിദ്യാഭ്യാസ-തൊഴിൽ രംഗത്തെ പിന്നാക്കാവസ്ഥ വ്യക്തമായിട്ടും അത് പരിഹരിക്കാൻ പ്രത്യേകമായി ഒരു പദ്ധതിയും നിർദേശിക്കുന്നില്ല എന്നതും ബജറ്റിന്റെ ന്യൂനതയാണ്. പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള ക്രിയാത്മകമായ നിർദേശങ്ങൾ മുസ്‌ലിം സമുദായം പ്രതീക്ഷിച്ചിരുന്നു. അതിനുള്ള തുക ബജറ്റിൽ വകയിരുത്തേണ്ടതായിരുന്നു.

ചുരുക്കത്തിൽ, രാജ്യത്തെ വ്യവസായികൾക്കോ കർഷകർക്കോ തൊഴിലില്ലാത്തവർക്കോ സാധാരണക്കാർക്കോ ഒരു പ്രതീക്ഷയും നൽകാത്ത ബജറ്റാണ് ധനമന്ത്രി പി. ചിദംബരം പാർലമെന്റിൽ അവതരിപ്പിച്ചത്. ഈ വിഭാഗങ്ങളെല്ലാം അവരുടെ അസംതൃപ്തി പ്രകടിപ്പിച്ചുകഴിഞ്ഞു. രാജ്യം നേരിടുന്ന ഒരു പ്രശ്നത്തിനും പരിഹാരം നിർദേശിക്കാത്ത ബജറ്റ് പിന്നെ ആർക്കുവേണ്ടി എന്ന ചോദ്യം പ്രസക്തമാണ്. ■

## പലിശയും സമ്പദ്‌വ്യവസ്ഥയും

നമ്മുടെ ബജറ്റിന്റെ ഇരുപത് ശതമാനം അഥവാ 140000 കോടിയോളം രൂപ സർക്കാർ നേരത്തേയെടുത്ത വായ്പകളുടെ പലിശ തിരിച്ചടക്കുന്നതിനാണ് നീക്കിവെച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തേക്കാൾ ശതമാനക്കണക്കിൽ ഒരു ശതമാനം കുറവാണിത് എന്നാണ് പലരും ആശ്വാസം കൊള്ളുന്നത്. എന്നാൽ യഥാർഥ സംഖ്യയെടുക്കുമ്പോൾ ഇതിൽ വലിയ വ്യത്യാസമൊന്നുമില്ല. ഒരു രാഷ്ട്രത്തിൽ പലിശ വർധനവിനനുസരിച്ച് സാമ്പത്തിക വളർച്ച കുറയും എന്ന് സ്ഥാപിച്ചത് ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ.എം കെയിൻസ് തന്നെയാണ്. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര പ്രകാരം ഇത് നേരത്തേതന്നെ വ്യക്തമാക്കിയതുമാണ്. ജപ്പാനടക്കമുള്ള രാജ്യങ്ങൾ പലിശ മിനിമം നിരക്കിലാക്കിയാണ് വൻ വളർച്ച കൈവരിച്ചത്. പുതിയ സാമ്പത്തിക നയങ്ങൾ നടപ്പാക്കാൻ തുടങ്ങിയ ശേഷമാണ് പലിശക്കണക്ക് മുകളിലോട്ട് ഉയരാൻ തുടങ്ങിയത്. അതിനനുസരിച്ച് വികസന പ്രവർത്തനങ്ങൾക്ക് നീക്കിവെക്കുന്ന ബജറ്റ് വിഹിതം കുറയും. പലിശയടക്കുന്ന അത്രതന്നെ സംഖ്യയാണ് പദ്ധതിവിഹിതവും. കുറച്ചുകൂടി കഴിയുമ്പോൾ പലിശ കൂടുകയും പദ്ധതിവിഹിതം കുറയുകയും ചെയ്യാനാണ് സാധ്യത. രാജ്യത്ത് ബാങ്കുകളും മറ്റും നൽകുന്ന വായ്പകൾക്കും പലിശ നിരക്ക് വർധിക്കുകയാണ്. എന്നാൽ അടുത്തകാലത്ത് വളർച്ചാ നിരക്ക് വർധിക്കുകയാണല്ലോ എന്നാണ് ധനമന്ത്രിയുടെ ആശ്വാസം. ഈ വളർച്ച കോർപറേറ്റ് വ്യവസായികൾക്കും ഊഹക്കച്ചവടക്കാർക്കും മാത്രമേയുള്ളൂ എന്നത് ഏതൊരു ഇന്ത്യക്കാരനുമറിയാം. ഭൂരിഭാഗം ആളുകളും ബന്ധപ്പെടുന്ന കൃഷി, ചെറുകിട വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ മേഖലയിൽ വളർച്ച കീഴ്പോട്ടാണ്. കൃഷിയുടെ വളർച്ചാനിരക്ക് 6 ശതമാനത്തിൽനിന്ന് ഈ വർഷം 2.2 ശതമാനമായി കുറഞ്ഞത് ധനമന്ത്രി തന്നെ സമ്മതിച്ചതാണ്.